"ഭരണഭാഷ – മാതൃഭാഷ"
(കേരളം സംസ്ഥാനം)
വ്യാവസായിക പരിശീലന വകുപ്പ്
ട്രെയിനിംഗ് ഡയറക്ടറേറ്റ്, തൊഴിൽ ഭവൻ,
പി എം ജി, വികാസ്ഭവൻ പി.ഒ, തിരുവനന്തപുരം-695033,
ഇ മെയിൽ: cru.dttvpm@kerala.gov.in, ഫോൺ നമ്പർ : 0471-2303856

**അഡീഷണൽ ഡയറക്ടറുടെ നടപടിക്രമം**
**(നിലവിൽ: മനേക്ഷ്പ്രസാദ് ഡി)**

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് - ട്രെയിനിംഗ് ഡയറക്ടറേറ്റ് - അഡ്മിഷൻ & അഫിലിയേഷൻ വിഭാഗം - 2026 പരിശീലന വർഷത്തെ സർക്കാർ/സ്വകാര്യ/SCDD/STDD ഐ.ടി.ഐകളിലെ NCVET അഫിലിയേറ്റഡ് ട്രേഡുകളിലെ അഡ്മിഷൻ ക്ലോസിംഗ് - നിലവിൽ ഐ ടി ഐ പ്രിൻസിപ്പൽമാർ ഒന്നിൽ കൂടുതൽ സ്ഥാപനങ്ങളുടെ ചാർജ് വഹിക്കുന്നതിനാൽ, സീനിയർ സൂപ്രണ്ട് ഉദ്യോഗസ്ഥർക്കും കൂടി അഡ്മിഷൻ ക്ലോസിംഗ് ചുമതലകൾ നൽകി കൊണ്ട് പുനഃക്രമീകരിച്ച് ഉത്തരവാകുന്നു.

പരാമർശം :-
1. DGT യിൽ നിന്നുള്ള 08.05.2026, 12.08.2026, 27/08/2026 എന്നീ തീയതികളിലെ DGT- MIS011/1/2025-O/o DIR (TC) [77713] നമ്പരായ അറിയിപ്പുകൾ
2. ഈ കാര്യാലയത്തിൽ നിന്നുള്ള 17/08/2026, 18/08/2026, 24/08/2026 തീയതികളിലെ ഇതേ നമ്പരായ നടപടിക്രമങ്ങൾ.

**ഉത്തരവ് നമ്പർ DT/1997/2026-C1-Part(2) (1) തീയതി ,31-08-2026**

2026-27/28 പരിശീലന വർഷത്തെ NCVET അഡ്മിഷൻ ക്ലോസിംഗിനുള്ള മാർഗനിർദേശങ്ങൾ/ഷെഡ്യൂൾ എന്നിവ അറിയിച്ച് കൊണ്ടും, അഡ്മിഷൻ ക്ലോസിംഗ് തീയതി 31.08.2026 വരെ നിശ്ചയിച്ച് കൊണ്ടും പരാമർശം (1) പ്രകാരം DGT അറിയിപ്പുകൾ നൽകിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ അഡ്മിഷൻ ക്ലോസിംഗ് യഥാസമയം നിർവഹിക്കുന്നതിലേക്കായി ഉദ്യോഗസ്ഥരെ നിയോഗിച്ച് കൊണ്ട്, പരാമർശം (2) പ്രകാരം നടപടിക്രമങ്ങൾ പുറപ്പെടുവിച്ചിരുന്നു.

നിലവിൽ, വകുപ്പിന് കീഴിലെ ഐ ടി ഐ പ്രിൻസിപ്പൽമാർ ഒന്നിൽ കൂടുതൽ സ്ഥാപനങ്ങളുടെ ചാർജ് വഹിക്കുന്നതിനാൽ, 2026 പരിശീലന വർഷത്തെ അഡ്മിഷൻ ക്ലോസിംഗ് പ്രക്രിയ സുഗമമായി പൂർത്തിയാക്കുന്നതിന്, പരാമർശം (2)

പ്രകാരമുള്ള നടപടിക്രമങ്ങളിലെ ഉദ്യോഗസ്ഥർക്ക് പുറമേ സീനിയർ സൂപ്രണ്ട് തസ്തികയിലെ ഉദ്യോഗസ്ഥരേയും കൂടി അഡ്മിഷൻ ക്ലോസിംഗ് ചുമതലകൾ നിർവഹിക്കുന്നതിനായി നിയോഗിക്കേണ്ടതുണ്ട്. ഈ സാഹചര്യത്തിൽ അഡ്മിഷൻ ക്ലോസിംഗ് ഉദ്യോഗസ്ഥരുടെ പട്ടിക ചുവടെ ചേർത്തിരിക്കുന്ന ഉദ്യോഗസ്ഥരെ കൂടി ഉൾപ്പെടുത്തി പുനഃക്രമീകരിച്ച് ഉത്തരവാകുന്നു.

1. ചെങ്ങന്നൂർ വനിതാ ഐ ടി ഐ (32000351) പ്രിൻസിപ്പൽ-ന് ചുമതല നൽകിയിരുന്ന ഒന്നാമത്തെ ക്രമ നമ്പറായ കായംകുളം ഐ ടി ഐയുടെ മാത്രം (32000599) അഡ്മിഷൻ ക്ലോസിംഗ് നിർവഹിക്കുന്നതിനുള്ള ഉത്തരവാദിത്വം **ആര്യനാട് ഐ ടി ഐ യിലെ സീനിയർ സൂപ്രണ്ടിന്** നൽകുന്നു.
2. കുറുമാത്തൂർ ഐ ടി ഐ (32000635) പ്രിൻസിപ്പൽ-ന് ചുമതല നൽകിയിരുന്ന രണ്ടാമത്തെ ക്രമ നമ്പറായ പടിയൂർ ഐ ടി ഐയുടെ മാത്രം (32000671) അഡ്മിഷൻ ക്ലോസിംഗ് നിർവഹിക്കുന്നതിനുള്ള ഉത്തരവാദിത്വം **കണ്ണൂർ മേഖലാ കേന്ദ്രം, കാര്യാലയത്തിലെ സീനിയർ സൂപ്രണ്ടിന്** നൽകുന്നു.
3. കൊയിലാണ്ടി ഐ ടി ഐ (32000332) പ്രിൻസിപ്പൽ-ന് ചുമതല നൽകിയിരുന്ന ഒന്നാമത്തെ ക്രമ നമ്പറായ പേരാമ്പ്ര ഐ ടി ഐയുടെ മാത്രം (32000644) അഡ്മിഷൻ ക്ലോസിംഗ് നിർവഹിക്കുന്നതിനുള്ള ഉത്തരവാദിത്വം **കോഴിക്കോട് വനിത ഐ ടി ഐ യിലെ സീനിയർ സൂപ്രണ്ടിന്** നൽകുന്നു.
4. മടിക്കൈ ഐ ടി ഐ (32000629) പ്രിൻസിപ്പൽ-ന് ചുമതല നൽകിയിരുന്ന ഒന്നാമത്തെ ക്രമ നമ്പറായ കയ്യൂർ ഐ ടി ഐയുടെ മാത്രം (32000441) അഡ്മിഷൻ ക്ലോസിംഗ് നിർവഹിക്കുന്നതിനുള്ള ഉത്തരവാദിത്വം **കാസറകോട് ഐ ടി ഐ യിലെ സീനിയർ സൂപ്രണ്ടിന്** നൽകുന്നു.
5. കയ്യൂർ ഐ ടി ഐ (32000441) വൈസ് പ്രിൻസിപ്പൽ-ന് ചുമതല നൽകിയിരുന്ന ഒന്നാമത്തെ ക്രമ നമ്പറായ മടിക്കൈ ഐ ടി ഐയുടെ മാത്രം (32000629) അഡ്മിഷൻ ക്ലോസിംഗ് നിർവഹിക്കുന്നതിനുള്ള ഉത്തരവാദിത്വം **കയ്യൂർ ഐ ടി ഐ യിലെ സീനിയർ സൂപ്രണ്ടിന്** നൽകുന്നു.

ടി ജീവനക്കാർ പരാമർശം (2) നടപടിക്രമങ്ങൾ പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള അഡ്മിഷൻ ക്ലോസിംഗ് മാർഗ്ഗനിർദ്ദേശങ്ങൾക്കും, അഡ്മിഷൻ ക്ലോസിംഗ് ഷെഡ്യൂൾ അനുസരിച്ചും, അതാത് ഉദ്യോഗസ്ഥർക്ക് ചുമതല നൽകിയിട്ടുള്ള സ്ഥാപനങ്ങളിലെ 2026 പരിശീലന വർഷത്തെ അഡ്മിഷൻ ക്ലോസിംഗ് നടപടികൾ യഥാസമയം പൂർത്തീകരിക്കേണ്ടതാണ്.

പരാമർശം (2) നടപടിക്രമങ്ങളിലെ മറ്റ് വ്യവസ്ഥകൾ എല്ലാം തന്നെ മാറ്റമില്ലാതെ നിലനിൽക്കുന്നതാണ്.

Digitally signed by
D MENEKSH PRASAD
Date: 31-08-2026
17:57:25

**അഡീഷണൽ ഡയറക്ടർ ഓഫ് ട്രെയിനിംഗ്**

സ്വീകർത്താവ് :-

ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക്

പകർപ്പ് :

1. ബന്ധപ്പെട്ട എല്ലാ സ്ഥാപന മേധാവിമാർക്കും
2. ഐറ്റി സെൽ മാനേജർ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
3. സ്റ്റോക്ക് ഫയൽ (സി1 സീറ്റ്)